http://theendtimenews.com/

# ഭോജനയാഗം

[ലവ്യ6:14:23]

▶▶▶ തുടർച്ച 03 പേജിൽ



CHRISTIAN NEWS OCTOBER 2019

ദി എൻഡ് ടൈം ന്യൂസ്
ദി വേക്ക് അപ്പ് -കോൾ

Volume 02 Issue No:21 Pages:12 Reg: TVM/1717/2014, Established:USA, Published from:India

## ഐ.പി.സി കുടുംബസംഗമം പ്രാദേശിക കമ്മറ്റിയെ തിരഞ്ഞെടുത്തു

### പാസ്റ്റർ എം.ജെ എബ്രഹാമും ബ്രദർ ഫിന്നി മാത്യുവും കൺവീനർമാർ



ഒക്കലഹോമ: വടക്കേ അമേരിക്കയിലും കാനഡയിലുമുള്ള ഇന്ത്യാ പെന്തക്കോസ്ത് ദൈവസഭയുടെ 18-ാമത് കുടുംബ സംഗമത്തിന്റെ സുഗമമായ നടത്തിപ്പിനായി വിപുലമായ പ്രാദേശിക കമ്മറ്റിയെ തിരഞ്ഞെടുത്തു. ഒക്കലഹോമ ഫസ്റ്റ് ഐ.പി.സി ചർച്ചിൽ നടത്തപ്പെട്ട ഭാരവാഹികളുടെ തിരഞ്ഞെടുപ്പിൽ ഇന്ത്യാ പെന്തക്കോസ്ത് ദൈവസഭകളുടെ ശുശ്രൂഷകന്മാരും വിശ്വാസ പ്രതിനിധികളും സംബന്ധിച്ചു.

പാസ്റ്റർ എം.ജെ ഏബ്രഹാം, ബ്രദർ ഫിന്നി മാത്യു(കൺവീനേഴ്സ്), ബ്രദർ ഫിന്നി ഏബ്രഹാം(സെക്രട്ടറി), ബ്രദർ കെ.വി.ഏബ്രഹാം(ട്രഷറർ), ലേഡീസ് കോർഡിനേറ്റർ സിസ്റ്റർ. രേഷ്മ തോമസ്, ഇവന്റ് കോർഡിനേറ്റർ ബ്രദർ കുര്യൻ സക്കറിയ, പാസ്റ്റർ & ലീഡേഴ്സ് കോൺഫറൻസ് കോർഡിനേറ്റർ ബ്രദർ സാക് ചെറിയാൻ, പാസ്റ്റർ പി.സി മാത്യു, ബ്രദർ കുഞ്ഞുമോൻ കോശി(പ്രാർത്ഥന കോർഡിനേറ്റേഴ്സ്), റെജി ഉതുപ്പ്, റോഷൻ വർഗീസ്(രജിസ്ട്രേഷൻ), ടൈറ്റസ് ഫിലിപ്പോസ് (താമസം), സാം ഈനോസ്, തോമല് വർഗ്ഗീസ്(സിബി) (ഗതാഗതം), ഫിലിപ്പ് ജോർജ്ജ് (ഭക്ഷണം), ഇവാ.അലക്സാണ്ടർ വർഗീസ്, സിസ്റ്റർ റെന്നി ജേക്കബ്(അഷേഴ്സ്), ഐജു റിച്ചാർഡ്(സുരക്ഷ), ബെൻ ജോൺ(പ്രകാശവും ശബ്ദവും), ബൈജു യാക്കോബ്(മീഡിയ കോർഡിനേറ്റർ), ക്രിസ്റ്റോ ചെറിയാൻ(മലയാള ഗായക സംഘം), ഡെറിൻ റോയ്, ഡോ.മിനു ജോർജ്ജ്(മെഡിക്കൽ കോർഡിനേറ്റേഴ്സ്) എന്നിവർ തിരഞ്ഞെടുക്കപ്പെട്ടു.

2020 ജൂലൈ 30 വ്യാഴം മുതൽ ആഗസ്റ്റ് 2 ഞായർ വരെ നോർമൻ എംബസി സ്യൂട്ട് ഹോട്ടൽ സമുച്ചയത്തിൽ വെച്ച് നടത്തപ്പെടുന്ന ദേശീയ കോൺഫ്രൻസിന്റെ ചിന്താവിഷയം

തുടർച്ച 07 പേജിൽ

## നിയമബോധന സെമിനാർ

എറണാകുളം: ക്രിസ്റ്റ്യൻ അപ്പോളജിസ്റ്റിസ് ഫോറത്തിന്റെ ആഭിമുഖ്യത്തിൽ നവംബർ 1,2 തിയതികളിൽ ടൗൺഹാളിൽ ക്രൈസ്തവർക്കുള്ള നിയമസംരക്ഷണവും സ്വാതന്ത്ര്യവും എന്ന വിഷയത്തെ ആസ്പദമാക്കി ജസ്റ്റിസ് കമാൽ പാഷെയും മറ്റ് നിയമ വിദഗ്ധരും സംസാരിക്കയും ക്രൈസ്തവർക്കെതിരെ തെറ്റിദ്ധാരണ പരത്തുന്ന വാർത്തകൾ സമൂഹ മാധ്യമങ്ങളിലൂടെ പ്രചരിപ്പിക്കുന്നതിനെ എങ്ങനെ നിയന്ത്രിക്കാൻ കഴിയും എന്നതിനെക്കുറിച്ച് ചർച്ച ഉായിരിക്കും. പി. ടി. തോമസ് കൺവീനറും, പാസ്റ്റർ ടി.ടി.ജേക്കബ് സെക്രട്ടറിയുമായ സമിതി നേതൃത്വം നൽകും.

## ചർച്ച് ഓഫ് ഗോഡ് കർണാടക സ്റ്റേറ്റ് കൺവൻഷൻ ഒക്. 31 മുതൽ നവം.3 വരെ

ചർച്ച് ഓഫ് ഗോഡ് ഫുൾഗോസ്പൽ ഇൻ ഇന്ത്യാ കർണാടക സ്റ്റേറ്റ് ജനറൽ കൺവൻഷൻ ഒക്ടോബർ 31 മുതൽ നവംബർ 3 വരെ ലിംഗരാജപുരം ഇന്ത്യാ ക്യാമ്പസ് ക്രൂസേഡ് ഫോർ ക്രൈസ്റ്റ് ആഡിറ്റോറിയത്തിൽ നടക്കും. കേരള സ്റ്റേറ്റ് ഓവർസീയർ പാസ്റ്റർ സി.സി. തോമസ്, പാസ്റ്റർ ബെനിസൺ മത്തായി, പാസ്റ്റർമാരായ പി. ആർ. ബേബി, സണ്ണി താഴാംപള്ളം, ഷിബു തോമസ്, ജയ്മോൻ കെ ബാബു, ഡോ. ഷിബു കെ മാത്യൂ എന്നിവർ കൺവൻഷനിൽ പ്രസംഗിക്കും.

ഒക്ടോബർ 31 ന് വൈകിട്ട് 5.30 ന് സ്റ്റേറ്റ് ട്രഷറർ പാസ്റ്റർ തോമസ് പോളിന്റെ അദ്ധ്യക്ഷതയിൽ കർണാടക സ്റ്റേറ്റ് ഓവർസീയർ പാസ്റ്റർ എം.




കുഞ്ഞപ്പി ഉദ്ഘാടനം ചെയ്യും. ദിവസവും രാവിലെ 8ന് ധ്യാനയോഗവും, വൈകിട്ട് 5.30 മുതൽ സുവിശേഷയോഗവും സംഗീത ശുശ്രൂ

തുടർച്ച 06 പേജിൽ

# EDITORIAL BOARD

**CHIEF EDITOR**
Baiju Yacob Edavila

**SUB EDITOR**
Manuel Joseph
Daniel Jacob

**EDITORS**
Pastor A Anilkumar
Rev. Joseph chacko
Sis.Sherly

**MANAGER**
Bovas Sreekaryam

**CO-ORDINATORS**
John Francis (Dallas)
Syam
Sis.Saritha
Sis.Simi
Sis.Lesley Yacob

**REPORTERS**
Miniesh Kumar(Baharin)
Pastor Stephen (Andrapradesh)

**ADVISORY BOARD**
Pastor Shibu Thomas USA
Pastor Asokan Eranakulam
M.Jacob Thiruvananthapuram



INDIA
VRA-402,Vikasnagar
Sreekariyam p.o.
Thiruvanthapuram.695017
Kerala
9526650511


# പുകഞ്ഞമരുന്ന ജീവിതങ്ങൾ

**പു**കവലിയുടെ ദൂഷ്യങ്ങളെക്കുറിച്ച് ലോകജനത കൂടുതൽ ബോധ്യപ്പെടുത്തി വരുന്നതായി അവിശ്വസനീയവും എന്നാൽ ആസ്വാസകരവുമായ റിപ്പോർട്ടുകൾ പുറത്തു വന്നുകൊണ്ടിരിക്കുന്നു. ലോകരാഷ്ട്രങ്ങളിലെ പുകവലി ഉപഭോക്താക്കളുടെ സ്ഥിതിവിവരക്കണക്കുകൾ ശേഖരിച്ച അമേരിക്കയിലെ വേൾഡ് വാച്ച് ഇൻസ്റ്റിറ്റ്യൂട്ടിന്റെ പഠന റിപ്പോർട്ട് പ്രകാരം 1-1 മില്യൺ പുകവലിക്കാരാണ് ലോകമാകമാനമായിട്ടുള്ളത്. ഉവരിൽ 15% പേർ മാത്രമെ സമ്പന്നരാജ്യങ്ങളിലെ പൗരന്മാരായുള്ളൂ. പുകവലി ജന്യരോഗങ്ങൾ മൂലം കഴിഞ്ഞ വർഷം ലോകത്തിൽ 48 ലക്ഷം പേരാണ് മരണമടഞ്ഞത്. വലിച്ചു തീർത്ത സിഗരറ്റുകളുടെ സംഖ്യ പത്തുവർഷത്തെ കണക്കിൽ ഏറ്റവും കുറവായിരുന്നു എന്നത് ആശ്വാസകരം.

1972 ശേഷം സിഗരറ്റ് ഉത്പാദനം കാര്യമായി കുറഞ്ഞു വരുന്നതായാണ് കണക്കുകൾ സൂചിപ്പിക്കുന്നത്. അമേരിക്ക, യൂറോപ്പ്, ജപ്പാൻ മുതലായ സമ്പന്നരാജ്യങ്ങളിൽ സിഗരറ്റ് വലിക്കുന്നവരുടെ സംഖ്യ 30% ആണെങ്കിലും വർഷം കഴിയുന്തോറും സിഗരറ്റ് ഉപയോഗം കുത്തനെ കുറഞ്ഞു വരുന്നു. ആഫ്രിക്കൻ രാജ്യങ്ങളിൽ സിഗരറ്റ് ഉപയോഗം കൂടിവരുന്നുമുണ്ട്. അടുത്ത 20 വർഷത്തിനുള്ളിൽ പുകവലിയിൽ നിന്നായിരിക്കും ഏറ്റവും കൂടുതൽ ആളുകൾ മരണപ്പെടുന്നതിനുള്ള സാധ്യത ഉള്ളതായി വേൾഡ് വാച്ച്, റിപ്പോർട്ടിൽ വെളിപ്പെടുത്തുന്നു. അങ്ങനെയെങ്കിൽ പ്രതിവർഷം ഒരു കോടി ജനതയായിരിക്കും ഇക്കാരണത്താൽ സമയത്തിനു  മുന്നമേ കാലാവധി പൂർത്തീകരിക്കുന്നത്.



*ബൈജു യാക്കോബ്*
*ഇടവിള*


**Disclaimer**

The views expressed in this online newspaper are those of the authors and do not necessarily reflect the position of HSM End Time News. The online newspaper will not bear any responsibility whatsoever for them. The images used in the newspaper have been downloaded from the Internet and we acknowledge that the copyright of those images remain with the original owners. HSM End Time News does not claim any copyright for them and does not intend to use them for commercial purposes.

THE END TIME NEWS
VOICE OF HARVESTING SOULS MISSION





# ദൈവം വെറുക്കുന്ന സ്നേഹം

സ്കറിയ ഡി വർഗീസ്,
വാഴൂർ.

ഈ മുഖവുര കാണുമ്പോൾ പലർക്കും ആശ്ചര്യം തോന്നാം. കരുണാമയനാകുന്ന ദൈവം സ്നേഹത്തെ വെറുക്കുമെന്നോ. ?.......ത്രിയേകനായ ദൈവത്തിന്റെ തനതു ഗുണവിശേഷം തന്നെയാണ് സ്നേഹം....ബൈബിൾ പറയുന്നു ദൈവം സ്നേഹം തന്നെ (1യോഹന്നാൻ 4:9)ദൈവം സ്നേഹമാണ് എന്നത് സത്യം തന്നെ........ എന്നാൽ നാം മനസിലാക്കുക സ്നേഹം എപ്പോഴും ദൈവമല്ല. എന്ന് തിരുവചനം നമ്മെ വ്യക്തമായി പഠിപ്പിക്കുന്നു. കൃത്യമായി പറഞ്ഞാൽ എല്ലാ സ്നേഹവും എല്ലായ്പ്പോഴും ദൈവീകമായിരിക്കണം എന്നില്ല....... വ്യക്തമാക്കിയാൽ വേർപാട് എന്നതിനെ തിരുവചനപ്രകാരം ഇപ്രകാരം നിർവ്വചിക്കാം. ദൈവം സ്നേഹിക്കുന്നതിനെ മാത്രം സ്നേഹിക്കുകയും ദൈവം വെറുക്കുന്നതിനെ വെറുക്കുകയും ചെയ്യുക. എന്നതാണ് യഥാർത്ഥത്തിൽ വേർപാട്....തിരുവചനം ഇപ്രകാരം പറയുന്നു. ലോകസ്നേഹം ദൈവത്തോട് ശത്രുത്വം ആകുന്നു. ലോകത്തിന്റെ സ്നേഹിതൻ ആകുവാൻ ഇച്ഛിക്കുന്നവൻ എല്ലാം ദൈവത്തിന്റെ ശത്രുവായിത്തീരുന്നു.(യാക്കോബ് 4:4,5)......തന്റെ പുത്രനെ മാനവകുലത്തിന്റെ പാപപരിഹാരത്തിനായി കാൽവറികൊലമരത്തിൽ തകർത്തുകളഞ്ഞ(യോഹ3:16) അതേ ദൈവം തന്നെ ലോകത്തെയും ലോകത്തിലുള്ളതിനെയും സ്നേഹിക്കരുത്(1യോഹ2:15) എന്നു പറയുന്നത് ഒരു വൈരുദ്ധ്യമായി വിരോധാഭാസമായി തോന്നിയേക്കും. ലോകം.....എന്ന പദം വ്യത്യസ്ഥ സാഹചര്യങ്ങളിൽ വ്യത്യസ്ഥ അർത്ഥ തലത്തിലാണ് തിരുവചനത്തിൽ രേഖപ്പെടുത്തിയിരിക്കുന്നത്. വക്രതയും കോട്ടവും നിറഞ്ഞതും ദുഷ്ടന്റെ അധീനതയിൽ കിടക്കുന്നതുമായ ലോകവ്യവസ്ഥിതിയെ ദൈവം ഒരിക്കലും സ്നേഹിക്കുന്നില്ല. എന്നാൽ ലോകത്തിലുള്ള സകല മനുഷ്യരേയും ദൈവം സ്നേഹിക്കുന്നു. ഭൂലോകത്തേക്കാൾ വിലയുള്ള വ്യക്തികളെ ദൈവം അഗാധമായി തന്നെ സ്നേഹിക്കുന്നു. (1യോഹ5:19) എന്നാൽ ദുഷ്ടന്റെ അധീനതയിൽ ഇപ്പോൾ ആയിരിക്കുന്ന ലോകത്തിന്റെ വാല്യൂ സിസ്റ്റത്തെ- മൂല്യനിർണ്ണയ സംവിധാനത്തെ ദൈവം സ്നേഹിക്കുന്നില്ല. അതിനെ ദൈവം വെറുക്കുന്നു. എന്നാൽ ദൈവം സകല മനുഷ്യരെയും സ്നേഹിക്കുന്നതിനാൽ......ജാതി,മത, വർഗ്ഗ, വർണ്ണ വ്യത്യാസമില്ലാതെ സഹജീവികളെ സ്നേഹിക്കുവാനും അവരുമായി പ്രത്യേകാൽ ശത്രുത്വം ഭാവിക്കുന്നവരുമായ പോലും പരമാവധി സഹകരിക്കുവാനും ചെയ്യാൻ നമുക്ക് ബാധ്യത ഉ്......(1യോഹ4:7,8) എന്നാൽ ജഡമോഹം, കൺമോഹം, ജീവനത്തിന്റെ പ്രതാപം എന്നിവ കുത്തിനിറച്ച ലോകവ്യവസ്ഥിതിയെ നാമും വെറുത്തിരിക്കണം. യോഹന്നാൻ 17 ലെ ക്രിസ്തുവിന്റെ പ്രാർത്ഥന ശ്രദ്ധിക്കുക.....പിതാവെ...ഞാൻ ലൗകികനല്ലാത്തതുപോലെ അവരും ലൗകികരല്ലായ്കകൊ് ലോകം അവരെ പകച്ചു. (യോഹ17:14) പലരും ചോദിക്കുന്നത് കേട്ടിട്ടു് നിങ്ങൾക്ക് കൊച്ചിന്റെ മുക്കിന് പോയാലെന്താ? അടിയന്തരത്തിനും കെട്ടുമുറുക്കുന്നതിനും ഇതര പെരുന്നാളുകൾക്കും ഒന്നു സഹകരിച്ചാലെന്താ? വചന വിരുദ്ധമായ അന്യദൈവ ആരാധനയുടെ അതിപ്രസരണം അവയിലുള്ളതിനാൽ അഥവാ അവയെല്ലാം തെറ്റായ ആരാധനയുടെ ഭാഗമാകയാൽ നാം സഹകരിക്കുന്നില്ല എന്നതാണ് ശരിയായ ഉത്തരം.എന്നാൽ പുതുതലമുറകൾട്ടുകൾ(നവീന ഉപദേശകർ)ഇവയെ എല്ലാം ഉൾക്കൊള്ളും സഹകരിക്കും എന്നതിനാൽ ലോകത്തിന് അവരോട് വലിയ താൽപര്യമാണ് തിരുവചനം പറയുന്നു. അവർ ലൗകികന്മാർ ആകയാൽ ലൗകികമായത് സംസാരിക്കുന്നു ലോകം അവരുടെ വാക്കു കേൾക്കുന്നു.(യോഹ4:6,7) പഠൊക്കെ വിശുദ്ധന്മാർ തമ്മിൽ

തുടർച്ച 07 പേജിൽ

യാഗങ്ങൾ, ഉത്സവങ്ങൾ - ഒരു ധ്യാനാത്മക പഠനം.

# യാഗസമാനമായ സമർപ്പണം

ഒരു തുടർപഠനം..... 6



# ഭോജനയാഗം

## (ലേവ്യ6:14:23)



സാം സഖറിയ
കൊട്ടാരക്കര

### *കുന്തിരിക്കം.*

ഒരു വൃക്ഷത്തിന്റെ കറയാണിതെങ്കിലും അഗ്നിയുമായി കൂടിച്ചേരുമ്പോൾ ആസ്വാദ്യകരമായ സൗരഭ്യം ബഹിർഗമിക്കുന്ന ഒരു സുഗന്ധദ്രവ്യമാണിത്. യേശു കർത്താവിന്റെ ജനനസമയത്ത് വിദ്വാന്മാർ യേശുവിനെ കാണ്മാൻ പോയത് പൊന്നും മൂരും കുന്തിരിക്കവുമായിട്ടാണ്. സൗരഭ്യവാസനായാഗങ്ങളിൽ ഒന്നാണല്ലോ ഭോജനയാഗവും നമ്മുടെ കർത്താവിന്റെ യാഗവും പിതാവിനു സൗരഭ്യവാസനയായാ വഴിപാടും യാഗവുമായിരുന്നു( എഫെ5:1,2). പിതാവിനെ തൃപ്തിപ്പെടുത്തിയതും അതേസമയം മനുഷ്യവർഗ്ഗത്തിനു പാപമോചനം വരുത്തിയതുമായ ഈ യാഗം സ്വർഗ്ഗത്തിലും ഭൂമിയിലും ഒരുപോലെ സൗരഭ്യം തൂകുന്നതുമായിരുന്നു.

ദൈവജനത്തെ സംബന്ധിച്ച് സൗരഭ്യപൂരിതമായ ഒരു അനുഭവം ഉാകണം എന്ന് ദൈവം ആഗ്രഹിക്കുന്നു. ഞങ്ങളെക്കൊ് തന്റെ പരിജ്ഞാനത്തിന്റെ വാസന വെളിപ്പെടുത്തുന്ന ദൈവത്തിനു സ്തോത്രം എന്നു അപ്പോസ്തലൻ പറയുന്നത് ആ അർത്ഥത്തിലാണ്. രക്ഷിക്കപ്പെടുന്നവരുടെയിടയിലും നശിക്കുന്നവരുടെയിടയിലും ആ സൗരഭ്യവാസന വെളിപ്പെടുത്തേതാണ്(2കൊരി2:14,15) യേശുകർത്താവിന്റെ സൗരഭ്യപൂരിതമായ ജീവിതം ലോകത്തിന്റെ അഞ്ചു വൻകരകളിലും പ്രസിദ്ധമാണ്. പകർന്ന തൈലം പോലെ പരിമളം പരത്തുന്ന ശ്രേഷ്ഠനാമം. ശൂലേംകാരി സ്ത്രീ തന്റെ പ്രിയനെക്കുറിച്ച് വർണ്ണിക്കുമ്പോൾ ഇവനത്രെ എൻരെ പ്രിയൻഎന്നു പറഞ്ഞു കൊ് അംഗപ്രത്യംഗമായുള്ള വിവരണം നൽകുന്നത് ശ്രദ്ധിക്കുക. അവന്റെ കവിൾ സുഗന്ധസസ്യങ്ങളുടെ തടവും നറും തൈകളുടെ വരവും, അവന്റെ അധരം താമരപ്പൂവും പോലെയിരിക്കുന്നു. അതു മൂറിൻതൈലം പൊഴിച്ചുക്കൊിരിക്കുന്നു(ഉത്തമഗീതം5:9-16) തിരിച്ച് കാന്തൻ തന്റെ കാന്തയെക്കുറിച്ച് സകല സുഗന്ധവർഗത്തെക്കാൾ നിന്റെ തൈലത്തിന്റെ പരിമളം എത്ര രസകരം നിന്റെ വസ്ത്രത്തിന്റെ വാസന ലെബാനോന്റെ വീസനപോലെ ഇരിക്കുന്നു.(ഉത്തമഗീതം4:10) പരസ്പരം സൗരഭ്യവാസന

തുടർച്ച 05പേജ്ൽ

## 03-ാം പേജ് തുടർച്ച

യുടെ ശ്രേഷ്ഠത വർണ്ണിച്ചുകൊുള്ള ക്രിസ്തീയജീവിതം എത്രയോ അഭിമാനകരമാണ്. ഇന്ന് സഭയുടെ അവസ്ഥ ഒന്ന് വിലയിരുത്തുവാൻ ഈ ചിന്ത മുഖാന്തിരമാകട്ടെ. സൗരഭ്യപൂരിതമായ ഒരു ക്രിസ്തീയജീവിതത്തിനു മാത്രമെ മറ്റുള്ളവരെ ക്രസ്തുവിങ്കലേക്ക് ആകർഷിക്കുവാൻ കഴിയുകയുള്ളൂ.

ഉപ്പ്

വളരെയധികം സവിശേഷതകൾ ഉള്ള ഒരു വസ്തുവാണ് ഉപ്പ്. നമ്മുടെ ശരീരത്തിന് അത്യാവശ്യമായ ഒരു ഘടകം കൂടെയാണിത്. സർവ്വസാധാരണവും അതേസമയം ഒഴിച്ചുകൂടാനാവാത്തതുമായ ഉപ്പ് ഭോജനയാഗത്തിൽ ചേർക്കണമെന്നു കർശനമായി പറഞ്ഞിരിക്കുന്നു. (ലേവ്യ2:13).

1.ഉപ്പ് രുചി നൽകുന്നു.

മനുഷ്യജീവിതത്തിനു പാപം നിമിത്തം നഷ്ടമായ രുചിയും ഗുണവും നൽകാൻ കഴിയുന്ന ഏക വ്യക്തിയാണ് ക്രിസ്തു. ഒരുവൻ ക്രിസ്തുവിലായാൽ അവൻ പുതിയ സൃഷ്ടിയാകുന്നു എന്ന് വചനം പറഞ്ഞിരിക്കുന്നപോലെ ക്രിസ്തുവിലാകുമ്പോൾ പഴയ സ്വഭാവത്തിനു മാറ്റം വരുന്നു. ഒനേസിമോസിനെപ്പോലെ പ്രയോജനമില്ലാത്തവരെ പ്രയോജനമുള്ളവരാക്കുന്നു. ദിവ്യസ്വഭാവത്തിനു കൂട്ടാളികളാക്കുന്നു. നിങ്ങൾ ഭൂമിയുടെ ഉപ്പാകുന്നു എന്നു കർത്താവ് പറഞ്ഞു.(മത്തായി5:13) ഉപ്പ് കാരമില്ലാതെ പോയാൽ പിന്നെ നിലത്തിനും വളത്തിനും കൊള്ളുന്നതല്ല. നിങ്ങളുടെ വാക്കു കൃപയോട് കൂടിയതും ഉപ്പിനാൽ രുചി വരുത്തിയതുമായിരിക്കട്ടെ എന്ന് വചനം പറയുന്നു.(കൊലോ4:6) മുമ്പ് നമ്മുടെ വായിൽ നിന്നും ശാപവാക്കുകൾ പുറപ്പെട്ടിരുന്നുവെങ്കിൽ ഇന്ന് അനുഗ്രഹ വചസ്സുകൾ പുറപ്പെടുന്നു. പകയും വിദ്വോഷവും നിറഞ്ഞ ജീവിതങ്ങൾ സ്നേഹവും സന്തോഷവും പകരുന്ന ജീവിതങ്ങളായി രുചി നൽകുന്ന ഉപ്പിനു സമം പ്രയോജനമുള്ളതായിത്തീർന്നിരിക്കുന്നു.

2. ഉപ്പ് ജീർണ്ണതയിൽ നിന്നും സംരക്ഷിക്കുന്നു.

പാപത്താൽ ജീർണ്ണിച്ചുകൊിരുന്ന ലോകത്തിനു പുതുജീവൻ നൽകിയത് യേശുക്രിസ്തുവാണ്. സർവ്വലോകവും ദുഷ്ടന്റെ അധീനതയിൽ കിടക്കുന്നു. എന്നാൽ ഇപ്പോഴത്തെ ദുഷ്ടലോകത്തിൽ നിന്നും നമ്മെ വിടുവിക്കാൻ കർത്താവ് സ്വർഗം വിട്ട് ഭൂമിയിലേക്ക് വന്നു. അഴുകിനാറിയ അവസ്ഥയിൽ നിന്നും കൈപിടിച്ചുയർത്തി സ്ഥിരമായതും ഉറപ്പുള്ളതുമായ പാറയിൽ നിർത്തി ഗമനത്തെ സ്ഥിരമാക്കി വായിൽ പുതിയ പാട്ട് തന്നു ശ്രേഷ്ഠമായ സ്ഥാനത്തേക്കുയർത്തി.

ദുഷ്ടന്റെ കയ്യിൽ അകപ്പെടാതെ കാത്തുകൊള്ളേണമേ എന്ന് പിതാവിനോടപേക്ഷിച്ചു മദ്ധ്യസ്ഥതയണച്ച് ശ്രേഷ്ഠ മഹാപുരോഹിതനായി നമ്മുടെ കർത്താവ് സ്വർഗ്ഗീയ സിംഹാസനത്തിൽ നമുക്കായി ജീവിക്കുന്നു.(യോ



ഹ17:15,16)

ദൈവം സോദോം ഗൊമേറയെ ന്യായം വിധിക്കുമ്പോൾ ലോത്തിനെയും കുടുംബാംഗങ്ങളെയും രക്ഷിക്കുന്ന അത്ഭുതകരമായ സംഭവം ഉൽപ്പത്തി പുസ്തകത്തിൽ നാം വായിക്കുന്നു. അബ്രഹാം ദൈവത്തോട് സംവാദിക്കുമ്പോൾ ഭൂമിയിൽ അൻപതു നീതിമാൻമാരുങ്കെിൽ ആ അൻപതു പേരുടെ നിമിത്തം നീ ഭൂമിയെ നശിപ്പിക്കുമോ? എന്നു ചോദിക്കുമ്പോൾ ഇല്ല എന്നുത്തരം അബ്രഹാമിനു ലഭിക്കുന്നു. ഒടുവിൽ പത്തുപേർ വരെ അബ്രഹാം ദൈവത്തോടു പറയുന്നു. പത്തു നീതിമാന്മാരെങ്കിലും ഭൂമിയിലുങ്കെിൽ അവരെ ദുഷ്ടന്മാരോടു കൂടെ നശിപ്പിക്കയില്ല എന്നാണ് വചനം നമ്മെ പഠിപ്പിക്കുന്നത്. (ഉൽപ്പത്തി 18:28-33) സഭ മഹോപദ്രവത്തിൽ കൂടി കടന്നു പോകും എന്നു പഠിപ്പിക്കുന്നവർ ദൈവീക പദ്ധതിയെ തകിടം മറിക്കുന്നവരാണ് എന്ന് ഇതിലൂടെ മനസ്സിലാക്കാൻ പ്രയാസമില്ല. കർത്താവു തന്റെ സ്വന്തരക്തത്താൽ സമ്പാദിച്ച ദൈവത്തിന്റെ സഭയെ ഈ ഭൂമിയിൽ നിന്നും മാറ്റിയതിനു ശേഷം മാത്രമെ യാക്കോബിന്റെ കഷ്ടകാലമായ മഹോപദ്രവം ഉാകയുള്ളൂ എന്നു സ്പഷ്ടം. സഭയും പരിശുദ്ധാത്മാവും മാറ്റ
പ്പെട്ടു കഴി

തുടർച്ച 06പേജിൽ

THE END TIME NEWS
VOICE OF HARVESTING SOULS MISSION



05-ാം പേജ് തുടർച്ച

ഞാൽ പിന്നെ എതിർ ക്രിസ്തു വിന്റെ വാഴ്ചയും മഹോപദ്രവവും ഉാകും. ഇന്നു ലോകത്തിന്റെ ന്യായവിധി താമസിപ്പിക്കുന്നത് ദൈവജനം ഭൂമിയിലുള്ളത് കൊാണ്.

3. ഉപ്പിന് ശുദ്ധീകരണ ശക്തിയു്.

ഏലീശാ പ്രവാചകന്റെ കാലത്ത് യെരീഹോപട്ടണത്തിലെ വെള്ളം ഉപ്പിട്ടു പഥ്യമാക്കിയ സംഭവം നമുക്കറിയാവുന്നതാണ്(2രാജ2:21) വെള്ളം ഗർഭനാശകവും ചീത്തയുമായിരുന്നു. ജീവദായകമായ വെള്ളം ജീവനാശകമായാലോ? ഉപ്പിന്റെ ശുദ്ധീകരണ ശക്തിയാണ് ആ വെള്ളത്തെ ഉപയോഗപ്രദമാക്കിയത്.

നമ്മുടെ കർത്താവ് ശമര്യാക്കാരിയോട് പറഞ്ഞ വാക്കുകൾ നമുക്കറിയാം. ഈ വെള്ളം കുടിക്കുന്നവനെല്ലാം പിന്നെയും ദാഹിക്കും; ഞാൻ കൊടുക്കുന്ന വെള്ളം കുടിക്കുന്നവനോ ഒരു നാളും ദാഹിക്കയില്ല. ലോകം നൽകുന്ന വെള്ളം എത്ര കുടിച്ചിട്ടും ആത്മദാഹം മാറാതെ നിരാശരായിത്തീരുമ്പോൾ ഒരു നാളും ദാഹിക്കാത്ത ജീവജലം യേശുക്രിസ്തുവിൽ നിന്നും സ്വീകരിച്ച് നിത്യജീവനിലേക്ക് വന്നിട്ടുള്ളവർ അനേകരാണ്. ദൈവവചനമാണ് നമ്മെ ശുദ്ധീകരിക്കുന്ന ഉപ്പ്. ഞാൻ നിങ്ങളോട് സംസാരിച്ച വചനം നിമിത്തം നിങ്ങൾ ഇപ്പോൾ ശുദ്ധിയുള്ളവരാകുന്നു എന്നു കർത്താവ് പറഞ്ഞു. (യോഹ15:3) സത്യത്താൽ അവരെ ശുദ്ധീകരിക്കേണമേ എന്നു കർത്താവ് പ്രാർത്ഥിച്ചു.(യോഹ17:17) അവൻ (ക്രിസ്തു)നമുക്കു ദൈവത്തിൽ നിന്ന് ജ്ഞാനവും നീതിയും ശുദ്ധീകരവും വീടെടുപ്പുമായത്തീർന്നു.(1 കൊരി1:30)

4. ലവണനിയമം.

പലസ്തീനിൽ നടപ്പുള്ള ഒരു നിയമമായിരുന്നു ഇത്. ശത്രുതയിലായിരിക്കുന്ന രു വ്യക്തികൾ തമ്മിൽ സൗഹൃദത്തിലേക്ക് വരുവാൻ ഉപ്പ് ചേർത്ത് ഭക്ഷണം കഴിച്ച് ശത്രുത അവസാനിപ്പിക്കുന്നു. നമ്മുടെ മദ്ധ്യേ ഉപ്പ് എന്നോ, അവൻ ഉപ്പു തിന്നു എന്നോ പറഞ്ഞാൽ അതിന്റെ ആശയം ശത്രുത അവസാനിച്ചു ഉറപ്പായ സ്നേഹബന്ധത്തിലേക്ക് മടങ്ങി വന്നു എന്നാണ്.

നാം പാപം നിമിത്തം ദൈവത്തിന്റെ ശത്രുക്കളായിരുന്നല്ലോ? കർത്താവായ യേശുക്രിസ്തുവിലൂടെ നമ്മെ തൻരെ രക്തം മൂലം പിതാവായ ദൈവത്തോട് നിരപ്പിച്ചതിനാൽ ദൈവവുമായുള്ള ശത്രുത അവസാനിപ്പിച്ചു. നാം ദൈവത്തിന്റെ മക്കൾ എന്ന ശ്രേഷ്ഠ പദവിയിലേക്കുയർത്തപ്പെട്ടു. അവൻ നമ്മുടെ സമാധാനം എന്നു വായിക്കുന്നതു പോലെ ക്രിസ്തുവിലൂടെ നമുക്കു പാപക്ഷമ ലഭിച്ചതിനാൽ ദൈവസമാധാനം നമ്മുടെ ഹൃദയങ്ങളിൽ വാഴുവാനും നാം ദൈവത്തോട് സമാധാനമുള്ളവരായിത്തീരുവാനും ദൈവം സഹായിച്ചു. അതു കേവലം ഉപ്പിനാൽ അല്ല



തന്റെ സ്വന്ത രക്തത്താൽ തന്നെ ദൈവവും മനുഷ്യനുമായുള്ള പുതിയനിയമ ഉടമ്പടി ഉറപ്പിക്കപ്പെട്ടു. നാം ആരാധനയ്ക്കായി കൂടിവരുമ്പോൾ ആ ഉടമ്പടി നമ്മെ ഓർപ്പിക്കുന്ന ശുശ്രൂഷയാണ് കർതൃമേശ. ഇത് എന്റെ രക്തം എന്നല്ല. ഈ പാനപാത്രം എന്റെ രക്തത്തിൽ പുതിയ നിയമം ആകുന്നു (1കൊരി11:25) എന്ന് പറഞ്ഞാണ് കർത്താവ് ശിഷ്യന്മാരെ ഈ ശുശ്രൂഷ ഏൽപ്പിച്ചത്.

പാപികളായ മനുഷ്യവർഗ്ഗത്തെ പാപം പോക്കി ശുദ്ധീകരിച്ചത് സ്വർഗ്ഗത്തിലെത്തിക്കും എന്നതിന്റെ വ്യക്തമായ ഉറപ്പാണ് ക്രൂശിൽ ചൊരിഞ്ഞ രക്തം. യിസ്രായേൽജനത്തിനു മിസ്രയീമ്യ അടിമത്വത്തിൽ നിന്ന് വീടെടുപ്പ് ലഭിച്ചത് ദൈവവ്യവസ്ഥ പ്രകാരം പെസഹകുഞ്ഞാടിന്റെ രക്തം കട്ടിളക്കാലിന്മേലും കുറുമ്പടിമേലും പുരട്ടിയതിനാലാണ് . രക്തം അടയാളമായിരിക്കും രക്തം കാണുമ്പോൾ ഞാൻ നിങ്ങളെ ഒഴിഞ്ഞുപോകും യേശു ക്രിസ്തു മുഖാന്തിരം ലഭിച്ച വലിയ വിടുതലിനും വീടെടുപ്പിനുമായി നമുക്ക് ദൈവത്തിനു സ്തോത്രം ചെയ്യാം. എൻ സങ്കടങ്ങൾ സകലവും തീർന്നുപോയി സംഹാരദൂതൻ എന്നെ കടന്നുപോയി എന്നു നമുക്ക് ഉച്ചത്തിൽ പാടാം.

03-ാം പേജ് തുടർച്ച

ഷയും ഉണ്ടായിരിക്കും. നവംബർ 1 ന് രാവിലെ 10 മുതൽ നടക്കുന്ന സഹോദരി സമ്മേളനത്തിൽ സിസ്റ്റർ ജെസി അലക്സ്, സിസ്റ്റർ ജോളി താഴാംപള്ളം എന്നിവർ പ്രസംഗിക്കും. ഉച്ചകഴിഞ്ഞ് 2.30 ന് ബൈബിൾ കോളേജ് വിദ്യാർത്ഥികളുടെ ബിരുധ ദാന ചടങ്ങ് എഡ്യുക്കേഷൻ ഡിപ്പാർട്ട്മെന്റ് ഡയറക്ടർ പാസ്റ്റർ റോജി ശമുവേലിന്റെ നേതൃത്വത്തിൽ നടക്കും.

നവംബർ 2 ന് രാവിലെ 10 മണിക്ക് യുവജന വിഭാഗമായ വൈ പി ഇ, സൺഡേസ്കൂൾ വാർഷിക സമ്മേളനം, ഉച്ചകഴിഞ്ഞ് 2 മണിക്ക് മിഷൻ ബോർഡ്, ഇവാഞ്ചലിസം, ചാരിറ്റി ഡിപ്പാർട്ടുമെന്റ് എന്നിവയുടെ സമ്മേളനം നടക്കും. നവം. 3 ന് രാവിലെ കർണാടകയിലെ 30 ജില്ലകളിൽ നിന്നുള്ള ശുശ്രൂഷകരും, വിശ്വാസികളും പങ്കെടുക്കുന്ന സംയുക്ത ആരാധനയും തിരുവത്താഴ ശുശ്രൂഷയും നടക്കും. സി ജി ഏഷ്യാ പസഫിക് ഡയറക്ടർ റവ. ആൻഡ്രു ബിൻഡ, കേരള ഓവർസീയർ പാസ്റ്റർ സി. സി. തോമസ്, പാസ്റ്റർ ഷിബു കെ മാത്യൂ എന്നിവർ സംയുക്ത ആരാധനയിൽ പ്രസംഗിക്കും.

## ബീഹാറിൽ പാസ്റ്ററിനു നേരെ വധശ്രമം

ഹാർപൂർ: ബീഹാറിൽ സ്വന്ത ഭവനത്തിൽ പ്രാർത്ഥന നടത്തിയ പാസ്റ്ററെ ശബ്ദമുയർന്നു വെന്നാരോപിച്ച് കുത്തിക്കൊലപ്പെടുത്താൻ ശ്രമിച്ചു. ശിവൻ ജില്ലയിലെ ഹാർപോർ പോസ്റ്റിൽ നവജീവൻ പ്രാർത്ഥനാ ഭവൻ സഭയുടെ പാസ്റ്ററായ ചന്ദ്രശേഖര സിംഗിനെയാണ് അയൽവാസിയായ ബബ്ലു സിംഗ് മാരകമായി കുത്തിപ്പരിക്കേൽപ്പിച്ചത്. സംഗീത ഉപകരണങ്ങളുടെ അകമ്പടിയോടെ 100 ലധികം വിശ്വാസികളുമായി ആരാധന നടക്കുന്ന സമയത്ത് പ്രകോപിതനായി കടന്നു വരികയും പാസ്റ്ററെ മർദ്ദിക്കയും നെഞ്ചിലും വയറ്റിലുമായി കുത്തുകയും ചെയ്തു. പാസ്റ്ററെ ഉടൻ തന്നെ ആശുപത്രിയിലേയക്ക് മാറ്റുകയും ചെയ്തു.ബബ്ലുവിനെ വധശ്രമത്തിന് പോലീസ് കേസെടുത്തു. 2018 ൽ മാത്രം ക്രൈസ്തവ സഭാവിഭാഗങ്ങൾക്കെതിരെ 27 ആക്രമണങ്ങളാണുായിട്ടുള്ളത്.

Available on the iPhone App Store
ANDROID APP ON Google play

## വായ്മൊഴി

▶ആശ ദൈവത്തിലായിരിക്കുന്നവർ ആരും ആശാരഹിതരല്ല.

▶നമ്മുടെ ആവശ്യങ്ങൾ ദൈവം തന്നെ ഏറ്റെടുക്കുമ്പോൾ നമുക്ക് എപ്പോഴും അതു തൃപ്തിയായിരിക്കും.

▶നീ എന്തു ചെയ്യുന്നു എന്നതല്ല മറിച്ച് നീ ആരായിരിക്കുന്നു എന്നതാണ് പ്രധാനം.

▶നാക്ക് വഴുതുന്നതിനെക്കാൾ കാൽ വഴുതുന്നതാണ് നല്ലത്.

▶ദൈവസൃഷ്ടിയെ അധിക്ഷേപിക്കുന്നത് ദൈവത്തെ അപമാനിക്കുന്നതിന് തുല്യമാണ്.

▶സാഹചര്യങ്ങളല്ല, ദൈവത്തിന്റെ സ്നേഹത്തെയും നന്മയെയും അളക്കാനുള്ള അളവുകോൽ അത് ക്രൂശ് തന്നെയാണ് .

▶ദൈവം തന്റെ വചനത്തിലൂടെ നമ്മോട് സംസാരിക്കുന്നു. ശ്രദ്ധിക്കുവാൻ സമയം എടുക്കുക.

▶ശ്രദ്ധിപ്പാൻ സമയമെടുക്കുന്നവരോട് ദൈവം സംസാരിക്കുന്നു. പ്രാർത്ഥിപ്പാൻ സമയമെടുക്കുന്നവരെ ദൈവം ശ്രദ്ധിക്കുന്നു.

▶ അടിമയായി ജീവിക്കുന്നത് ശാപമാണ്, അനീതിയോടും തിന്മയോടും വിട്ടു വീഴ്ച ചെയ്യുന്നതാകട്ടെ കടുത്ത അപരാധവും.

▶അറിവിനേക്കാൾ പ്രാധാന്യം ഭാവനയ്ക്കാണ്.



Pr.P.V.S C.BD

### 03–ാം പേജ് തുടർച്ച

കാണുമ്പോഴത്തെ പ്രധാന ചർച്ചാ വിഷയം പരസ്യയോഗവും പുതുതായി നടന്ന സ്നാനവും ഉപവാസം പ്രാർത്ഥനയുമെല്ലാമായിരുന്നു. ഇന്നോ? നാം എവിടെ എത്തി നിൽക്കുന്നു സ്വയം വിചിന്തനം ചെയ്യുക? ചർച്ചിൽ ഉപദേശ വിഷയം പഠിപ്പിക്കേ സമയത്ത് ഭരണഘടനയും അളിഞ്ഞസഭാരാഷ്ട്രീയവും പഠിപ്പിച്ചതിന്റെ തിക്തഫലമല്ലേ താലന്തു ടെസ്റ്റുകളിലും മറ്റും നല്ല പ്രകടനം നടത്തിയ നമ്മുടെ പെൺകുട്ടികളും ആൺകുട്ടികളും അരുതാത്ത പ്രേമബന്ധങ്ങളിൽ കുടുങ്ങി നശിക്കാൻ തുടങ്ങുന്നത്? തിരുവചനം പറയുന്നു.........അവന്റെ കൽപ്പനകൾ ഭാരമുള്ളവയല്ല. ദൈവത്തിൽ നിന്നും ജനിച്ചതൊക്കെയും ലോകത്തെ ജയിച്ചിരിക്കുന്നു(1യോഹ5:3,4) പ്രാണനിതാ വാതിൽക്കൽ എത്തിയിരിക്കുന്നു. ലോക സംഭവങ്ങൾ അത് വിളിച്ചറിയിക്കുന്നു. പ്രിയന്റെ വരവിനായി നമുക്ക് ഒരുങ്ങാം....

### 03–ാം പേജ് തുടർച്ച

അതിരുകളില്ലാത്ത ദർശനം എന്നതായിരിക്കും. വിശുദ്ധി, ദൗത്യം, നിത്യത എന്നിവയിലേക്കുള്ള ദർശനമായിരിക്കും. ഉപവിഷയങ്ങൾ. കോൺഫ്രൻസിന്റെ നാഷണൽ ഭാരവാഹികളായി പാസ്റ്റർ പി.സി.ജേക്കബ്(നാഷണൽ ചെയർമാൻ), ബ്രദർ ജോർജ്ജ് തോമസ്(നാഷണൽ സെക്രട്ടറി), ബ്രദർ തോമസ് കെ വർഗീസ്(നാഷണൽ ട്രഷറാർ), സിസ്റ്റർ ഗ്രേസ് സാമുവേൽ (ലേഡീസ് കോർഡിനേറ്റർ), ബ്രദർ ജസ്റ്റിൻ ഫിലിപ്പ്(യൂത്ത് കോർഡിനേറ്റർ) എന്നിവർ പ്രവർത്തിക്കുന്നു.

എല്ലാ ചൊവ്വാഴ്ചകളിലും സെൻട്രൽ സമയം 8 മണിക്ക് 605-313-5111 എന്ന നമ്പരിൽ പ്രയർ ലൈൻ ഉണ്ടായിരിക്കും. 171937 എന്ന ആക്സസ് നമ്പറിലൂടെ ഫോൺ ലൈനിൽ പ്രവേശിക്കാവുന്നതാണ്.

നിബു വെള്ളന്താനം(മീഡിയ കോർഡിനേറ്റർ) ബൈജു യാക്കോബ്(ലോക്കൽ മീഡിയ

THE ENDTIME NEWS




http://theendtimenews.com/

Available on the iPhone App Store

ANDROID APP ON Google play

# കർത്താവിന് ഇവയെ കൊണ്ട് ആവശ്യം ഉണ്ട്



പാസ്റ്റർ ഷിബു തോമസ്, ഒക്കലഹോമ.

നിങ്ങളോട് ആരാനും വല്ലത് പറഞ്ഞാൽ: കർത്താവിന് ഇവയെക്കൊണ്ട് ആവശ്യമുണ്ട് എന്ന് പറവിൻ; തൽക്ഷണം അവൻ അവയെ അയയ്ക്കും എന്നു പറഞ്ഞു.(മത്തായി 21:3)



യഹോവ തിരഞ്ഞെടുത്തതിനെ ആർ കുറ്റം വിധിയ്ക്കും? ദൈവം വിശുദ്ധീകരിച്ചതിനെ മലിനമെന്ന് ആർക്കു പറയുവാൻ കഴിയും? യെരുശലേം ദേവാലയം സമ്പൽസമൃദ്ധിയുടെയും, പാരമ്പര്യ വാഴ്ചകളുടെയും ഇരിപ്പിടമായിരുന്നു. ഒട്ടകത്തെ മനപൂർവ്വം വിഴുങ്ങുകയും കൊതുകിനെ സൂക്ഷ്മതയോടെ അരിച്ചെടുക്കുകയും ചെയ്യുന്ന ഭരണകർത്താക്കൾ. ലേവി പ്രമാണത്തിൽ കഴുതയെ യാഗം കഴിക്കുന്നത് വിലക്കിയിരുന്നതിനാൽ, അതിനു ദേവാലയത്തിന്റെ പരിസരത്തുപോലും പ്രവേശനം നിഷധിക്കപ്പെട്ടു. യെരുശലേമിന്റെ വീഥികളിൽ നൂറുകണക്കിന് കഴുതകൾ നിഷ്കരുണം കല്ലെറിഞ്ഞു കൊല്ലപ്പെട്ടു. എന്നാൽ ഇതാ പുതിയൊരു കാഴ്ച കഴുതയുടെ പുറത്തിരുന്ന് യെരുശലേമിന്റെ തെരുക്കളിൽ കൂടി ദേവാലയത്തിലേക്കു വരുന്ന യേശുക്രിസ്തു. എറിയുവാനെടുത്ത കല്ലുകൾ താനെ താഴുന്നു. കല്ലിനു പകരം പുഷ്പങ്ങൾ , ആട്ടിപ്പായ്ക്കലിനു പകരം തല വണക്കിയുള്ള ബഹുമാനം, ആക്രോശത്തിനു പകരം ഹോശന്നാ പാട്ടുകൾ. എന്താണ് കാര്യം? കഴുത വഹിക്കുന്നത് ലോകത്തിന്റെ സൃഷ്ടിതാവിനെയാണ്. ദൈവത്തിന് ഇവയെ കൊണ്ട് ആവശ്യം ഉണ്ട് എന്ന് അല്പം മുമ്പ് അവിടുന്ന് പ്രഖ്യാപിച്ചു കഴിഞ്ഞു. ദൈവം നിന്നെ തിരഞ്ഞെടുത്താൽ നിന്റെ അവസ്ഥയ്ക്ക് പ്രകടമായ വ്യത്യാസം ഉണ്ടാകും നിന്നെ ആട്ടിപ്പായിച്ചവർ തല കുമ്പിട്ട് മുമ്പിൽ നിൽക്കും. ക്രിസ്തുവിന്റെ നിന്ദ വലിയ ധനം എന്ന് ഏറ്റെടുത്തുകൊണ്ട് യഹോവ നിന്നെ ഉന്നതനാക്കും. നിന്നെ കല്ലെറിഞ്ഞ് ഉപദ്രവിക്കുന്നവർ, ചെളി വാരിയെറിഞ്ഞ് ആക്ഷേപിക്കുന്നവർ, നീ വഹിക്കുന്ന ക്രിസ്തുവിന്റെ മഹത്വത്തെ വർണ്ണിക്കും. നിന്നെ കാണുന്നവർ യേശുവിനെ കാണട്ടെ. മാറോട് കരം ചേർത്തുവച്ചു പറയുക; എന്നെ കൊണ്ട് കർത്താവിന് ആവശ്യം ഉണ്ട്.

പ്രാർത്ഥന: കർത്താവെ അവിടുന്ന് അടിയനെ വിളിച്ചതിനാൽ സ്തോത്രം. അങ്ങയെ വിച്ചുകൊണ്ടു നടക്കുവാൻ എന്നെ സഹായിക്കണമേ.......ആമേൻ.

# എട്ടു പെൺകുട്ടികൾക്ക് മംഗല്യഭാഗ്യമേകി ജോസ് കോശി



മുളക്കുഴ: ഇടപ്പോൺ ജോസ്കോ ഹോസ്പിറ്റൽ ഉടമ ഡോ. ജോസ് കോശി ജോർജ്ജ് മറ്റത്തുകാലയുടെ ഏകമകൾ ഡോ.ഫേബയുടെ വിവാഹത്തിനോടവുബന്ധിച്ച് സാമ്പത്തിക ബുദ്ധിമുട്ടുമൂലം വിവാഹസ്വപ്നം സാഫല്യമാകാതിരുന്ന എട്ടു പെൺകുട്ടികൾക്ക് മംഗല്യഭാഗ്യമേകി സിയോൻകുന്നിൽ ചർച്ച് ഓഫ് ഗോഡ് ചാരിറ്റി ഡിപ്പാർട്ട്മെന്റിന്റെ ചുമതലയിൽ സെപ്റ്റംബർ 24 ന് ഓവർസീയർ പാസ്റ്റർ സി.സി.തോമസ് വിവാഹങ്ങൾ ആശീർവദിച്ചു. പാസ്റ്റർ ജെ.ജോസഫിന്റെ അദ്ധ്യക്ഷതയിൽ പാസ്റ്റർ വൈ. റെജി പ്രസംഗിച്ചു. ചാരിറ്റി ഡയറക്ടർ പാസ്റ്റർ ഷിജു മത്തായി ആമുഖ പ്രസ്താവന നടത്തി. ഡോ. ഷിബു കെ മാത്യു സ്വാഗതവും ജോസഫ് മറ്റത്തുകാല കൃതജ്ഞതയും പറഞ്ഞു. ഇവാ.ബിനോയി ചാക്കോയും സംഘവും ഗാനങ്ങൾ ആലപിച്ചു. പാസ്റ്റർ എം.ഇ. ബേബി അനുഗ്രഹ പ്രാർത്ഥന നിർവഹിച്ചു. എംപിമാരായ ശ്രീ. ആന്റോ ആന്റണി, ശ്രീ. കൊടിക്കുന്നിൽ സുരേഷ് തുടങ്ങിയ സാമൂഹികരാഷ്ട്രീയ പ്രവർത്തകരും ആശംസകൾ അറിയിച്ചു.

പാലക്കാട് മുതൽ കാട്ടാക്കട വരെയുള്ള പ്രദേശഹ്ങളിൽ നിന്ന് ചാരിറ്റബിൾ ഡിപ്പാർട്ട്മെന്റാണ് ദമ്പതികളെ കത്തെിയത്. ദമ്പതികൾക്ക് വിവാഹ ചിലവുകൾക്കു പുറമെ, രു ലക്ഷം രൂപ വീതം മേഴ്സി ജോസ് ജോർജ്ജ് വിതരണം ചെയ്തു. അഞ്ചു വർഷം മുമ്പ് പാസ്റ്റർ പി.ജെ.ജയിംസിന്റെ ചുമതലയിൽ ഷാർജ ദൈവസഭ സ്പോൺസർ ചെയ്ത 5 ദമ്പതികളുടെ സമൂഹവിവാഹത്തിന് ശേഷം മുളക്കുഴ ആർ എഫ് കുക്ക് കൺവൻഷൻ സെന്ററിൽ നടന്ന മാതൃകാസംരംഭമായിരുന്നു ഇത്.

# ഐ പി സി സണ്ടേസ്കൂൾ അസോസിയേഷൻ കർണാടക സ്റ്റേറ്റ് താലന്ത് പരിശോധന ഒക്. 29 ന്

ബെംഗളൂരു: കർണാടക സ േസ്കൂൾ അസോസിയേഷൻ സ്റ്റേറ്റ് ലെവൽ താലന്ത് പരിശോധന ഒക്ടോബർ 29 ന് രാവിലെ 9 മണിക്ക് ഐപിസി ഹെഡ്കോർട്ടർ വെച്ച് നടത്തപ്പെടും. നഴ്സറി, ബിഗിനിയർ, പ്രൈമറി, ജൂനിയർ, ഇന്റർമീഡിയറ്റ്, സീനിയർ എന്നീ വിഭാഗത്തിൽ 250 ലേറെ വിദ്യാർത്ഥികൾ പങ്കെടുക്കും. സ്റ്റേജ് ഇവെന്റസ്, റൈറ്റിങ്ങ് ഇവെന്റസ് എന്നീ രു വിഭാഗങ്ങൾ ആയിട്ടാണ് മത്സരങ്ങൾ നടക്കുക. പാട്ട്, പ്രസംഗം, മോണോആക്ട്, പ്രച്ഛന്നവേഷം, മെമ്മറി വേഴ്സ്, ഗ്രൂപ്പ് സോങ്ങ് എന്നീ സ്റ്റേജ് ഇവെന്റ്സും, ചിത്രരചന,ബൈബിൾ ക്വിസ്,ഉപന്യാസം, വാക്യമത്സരം, ഗ്രൂപ്പ് ബൈബിൾ ക്വിസ് എന്നീ റൈറ്റിങ്ങ് ഇവന്റ്സും നടക്കും. ഈ വർഷം 13 ജില്ലകളിൽ പുതിയതായി സ േസ്കൂൾ കൗൺസിൽ ആരംഭിക്കയും 47 പുതിയ സൺഡേസ്കൂൾ രജിസ്റ്റർ ചെയ്യുകയും ചെയ്തു.

അഡ്വ. ജിയോ ജോർജ്ജ് പാസ്റ്റർ, ലിജു കോശി, ബ്രദർ പ്രദീപ് മാത്യൂ, പാസ്റ്റർ സാജൻ സക്കറിയ പി, ബ്രദർ പുന്നൂസ് എം കുര്യൻ എന്നിവർ നേതൃത്വം നൽകും.

# ശാരോൻ ഫെലോഷിപ്പ് ജനറൽ കൺവൻഷൻ നവം. 25 മുതൽ ഡിസം. 1 വരെ

തിരുവല്ല: ശാരോൻ ഫെലോഷിപ്പ് സഭകളുടെ ജനറൽ കൺവൻഷൻ നവംബർ 25 മുതൽ ഡിസംബർ 1 വരെ തിരുവല്ല ശാരോൻ സ്റ്റേഡിയത്തിൽ നടക്കും. സഭാ പ്രസിഡന്റ് റവ. ജോൺ തോമസ്, ദേശീയ പ്രസിഡന്റ് പാസ്റ്റർ പി.എം.ജോൺ, റവ.ജേക്കബ് തോമസ് എന്നിവർ പ്രസംഗിക്കും. വിശ്വാസത്തിനായി പോരാടുക എന്നതാണ് ചിന്താവിഷയം. ശാരോൻ ക്വയർ സംഗീതശുശ്രൂഷ നിർവഹിക്കും.

പാസ്റ്റേഴ്സ് സെമിനാർ, ബൈബിൾ സ്റ്റഡി, കാത്തിരിപ്പു യോഗങ്ങൾ, മിഷൻ സമ്മേളനം, സി.ഇ.എം. -സൺഡേ സ്കൂൾ സംയുക്ത സമ്മേളനം. വനിതാ സമ്മേളനം എന്നിവ കൺവൻഷനോടനുബന്ധിച്ച് നടക്കും. ഞായറാഴ്ച ,സംയുക്ത സഭായോഗത്തോടെ സമാപിക്കും. ഇൻഡ്യയിലും വിദേശരാജ്യങ്ങളിലുമുള്ള സഭാ ശുശ്രൂഷകൻമാരും സഭാ ജനങ്ങളും പങ്കെടുക്കും. കൺവൻഷന്റെ വിപുലമായ നടത്തിപ്പിനുവേി അനുഗ്രഹിക്കപ്പെട്ട ദൈവദാസൻമാർ അംഗങ്ങളായുള്ള വിവിധ കമ്മറ്റികൾ പ്രവർത്തിച്ചു വരുന്നു.

# ക്രിസ്ത്യൻ സ്റ്റാർ പ്രൊഡക്ഷൻസ് ഉദ്ഘാടനം ഫ്ളോറിഡയിൽ ഒക്. 22 ന്

ഫ്ളോറിഡ: സൗത്ത് ഫ്ളോറിഡാ ആസ്ഥാനമാക്കി പ്രവർത്തനമാരംഭിക്കുന്ന ക്രിസ്ത്യൻ സ്റ്റാർ പ്രൊഡക്ഷൻസിന്റെ ഉദ്ഘാടന സമ്മേളനവും സംഗീത നിശയും ഒക്ടോബർ 22 ന് വെസ്റ്റ് പാം ബീച്ചിലുള്ള കമ്യൂണിറ്റി ക്രിസ്ത്യൻ ചർച്ചിൽ നടക്കും. മാത്യൂ ജോൺ, സാംസൺ സാമുവൽ, സിനി ഡാനിയേൽ എന്നിവർ അവതരിപ്പിക്കുന്ന സംഗീത പരിപാടിയും ഉായിരിക്കും.

അമേരിക്കൻ മലയാളികളുടെ സംഗീതപരമായ സർഗ്ഗവാസനയെ പരിപോഷിപ്പിക്കുക എന്ന ലക്ഷ്യത്തോടെ സ്റ്റാർ സിംഗേഴ്സ് എന്ന ക്രിസ്ത്യൻ റിയാലിറ്റിഷോ, അമേരിക്കയിൽ നടക്കുന്ന പ്രമുഖ സമ്മേളനങ്ങളുടെ തൽസമയ സംപ്രേക്ഷണം, ക്രൈസ്തവ സംഗീത വീഡിയോ നിർമ്മാണം, ക്രിസ്തീയ റേഡിയോ സംപ്രേക്ഷണ പരിപാടി തുടങ്ങിയ നിരവധി പ്രവർത്തന പദ്ധതികളുമായാണ് ക്രിസ്ത്യൻ സ്റ്റാർ പ്രൊഡക്ഷൻസ് ചുവടുവെയ്ക്കുന്നത്. സഭാ വിഭാഗീയ വിത്യാസമന്യേ എല്ലാ ക്രൈസ്തവ വിഭാഗത്തിൽപ്പെട്ടവർക്ക് പങ്കെടുക്കാവുന്ന സ്റ്റാർ സിംഗർ റിയാലിറ്റി ഷോ സീസൺ 1 ലേയ്ക്കുള്ള രജിസ്ട്രേഷൻ കിക്കോഫ്, സ്റ്റാർ വിഷൻ ലോഗോ അനാവരണം എന്നിവയും ഇതിനോടനുബന്ധിച്ച് നടക്കും.

# ഫിലദൽഫിയ ഫെലോഷിപ്പ് ചർച്ച് ഓഫ് ഇന്ത്യയുടെ 39 മത് കൺവൻഷൻ നവം. 5 – 10 വരെ

മഹാരാഷ്ട്രയിലെ നവാപ്പൂരിന് സമീപമുള്ള കരഞ്ചി കുർദ് ഗ്രാമത്തിലെ ഫിലദൽഫിയ സ്റ്റേഡിയത്തിൽ വെച്ച് 39 മത് ജനറൽ കൺവൻഷൻ നവംബർ 5 മുതൽ 10 വരെ നടക്കും. ഫിലദൽഫിയ ഫെലോഷിപ്പിന്റെ ഓവർസീയർ റവ.ഡോ.ജോയി പുന്നൂസ് ഉദ്ഘാടനം ചെയ്യും. പാസ്റ്റർ കെ ജെ മാത്യൂസ്, നൂറുദ്ദീൻ മുല്ല, പാസ്റ്റർ ഷിബു തോമസ്, റവ. ഡോ. എം എസ് സാമുവൽ, റവ. ഡോ. ഫിന്നി ഫിലിപ്പ്, റവ. ഡോ. പോൾ മാത്യൂസ്, സിസ്റ്റർ മേരി മാത്യൂസ് എന്നിവരാണ് മുഖ്യ പ്രാസംഗീകർ. ഫിലദൽഫിയ ഗായകസംഘം സംഗീതശുശ്രൂഷയ്ക്ക് നേതൃത്വം നൽകും.കൺവൻഷനോടനുബന്ധിച്ച് ഫിലദൽഫിയ ബൈബിൾ കോളേജ് ബിരുദദാനം, ഓർഡിനേഷൻ, ശുശ്രൂഷക സമ്മേളനം, സോദരി സമ്മേളനം എന്നിവയും ഉായിരിക്കും.

# ഇമ്മാനുവേൽ മിഷൻ വാർഷിക സമ്മേളനം ഒക്.29 – 31 വരെ

ബീഹാർ കേന്ദ്രമാക്കി പ്രവർത്തിക്കുന്ന ഇമ്മാനുവേൽ മിഷന്റെ 35 മത് വാർഷിക സമ്മേളനം പാട്നയിലെ ഫുൽവാരിയിലുള്ള ഇമ്മാനുവേൽ മിഷൻ സ്കൂൾ ക്യാമ്പസിൽ വെച്ച് ഒക്ടോബർ 29 മുതൽ 31 വരെ നടത്തപ്പെടും. മുഖ്യ സന്ദേശം റവ.ശേഖർ കല്യാൺപൂർ, റവ.ടി.വി. തോമസ്, റവ. ബാബു ജോർജ്ജ്, ഇമ്മാനുവേൽ മിഷൻ സ്ഥാപക ഡയറക്ടറായ റവ. ഇ.എ. എബ്രഹാം തുടങ്ങിയവർ നൽകും. പൂണെയിൽ നിന്നും സണ്ണി വിശ്വാസും സംഘവും ഗാനശുശ്രൂഷ നിർവഹിക്കും. കുട്ടികൾക്കുവേിയും യുവജനങ്ങൾക്കായും പ്രത്യേക മീറ്റിംഗുകൾ ഉായിരിക്കും. ബീഹാറിൽ കഴിഞ്ഞ 3 പതിറ്റാിലേറെയായി പ്രവർത്തിച്ചു കൊിരിക്കുന്ന മിഷൻ പ്രവർത്തനമാണ് ഇമ്മാനുവേൽ മിഷൻ. വിശദ വിവരങ്ങൾക്ക്: 9431218243.

# ക്രിസ്തീയ സംഗീത സന്ധ്യ ഹോളിനൈറ്റ് നവം.10 ന് പുത്തരികണ്ടത്ത്

വൈ പി സി എ യുടെ ചെങ്കൽച്ചൂളയിൽ നിന്നുള്ള സഹോദരന്മാർ നേതൃത്വം നൽകുന്ന ഹോളിനൈറ്റ് നവംബർ 10 ന് വൈകിട്ട് 4.30 ന് തിരുവനന്തപുരം പുത്തരിക്കത്ത് ഇ.കെ.നയനാർ പാർക്കിൽ വെച്ച് നടത്തപ്പെടുന്നു. പാസ്റ്റർ എബ്രഹാം തോമസ് ഉദ്ഘാടനം ചെയ്യും.പാസ്റ്റർ അരവിന്ദ് വിൻസന്റ് ദൈവവചനം ശുശ്രൂഷിക്കും.അനുഗ്രഹീത ഗായകൻമാരായ ഇമ്മാനുവേൽ ഹെന്റിയും, അനിൽ അടൂരും, കിരൺ ടൈറ്റസും സംഗീത സന്ധ്യയ്ക്ക് നേതൃത്വം നൽകും.

THE END TIME NEWS
VOICE OF HARVESTING SOULS MISSION





# ആത്മാവിനാൽ ശുശ്രൂഷയും നിയോഗവും



പാസ്റ്റർ സന്തോഷ് കീഴൂർ

യോഹന്നാൻ 1:32ആത്മാവ് ഒരു പ്രാവ് പോലെ സ്വർഗ്ഗത്തിൽ നിന്ന് ഇറങ്ങി വരുന്നത് ഞാൻ കു; അത് അവന്റെ മേൽവസിച്ചു. പുത്രനെ കുഞ്ഞാട് എന്ന് വിളിച്ച യോഹന്നാൻ സ്നാപകൻ അവന്റെ മേൽ പ്രാവ് ഇറങ്ങുന്നതു പോലെ ആത്മാവിനെ കു. യേശുവിന്റെ ശരീരം പരിശുദ്ധാത്മാവിനാൽ ഉരുവായതുപോലെ മത്തായി1:20 അവളിൽ ഉൽപ്പാദിതമായത് പരിശുദ്ധാത്മാവിനാൽ ആകുന്നു. യേശുവിനെ ശുശ്രാഷയ്ക്കായി ഒരുക്കുന്നതിനായും ആത്മാവ് അവന്റെ മേൽ ഇറങ്ങുന്നു മത്തായി 3:16 യേശു സ്നാനം ഏറ്റ ഉടനെ വെള്ളത്തിൽ നിന്നു കയറി; അപ്പോൾ സ്വർഗ്ഗം തുറന്ന് ദൈവാത്മാവ് പ്രാവെന്നപോല ഇറങ്ങി തന്റെ മേൽവരുന്നത് അവൻ കു. പ്രവൃത്തികൾ 10:38നസറായനായ യേശുവിനെ ദൈവം പരിശുദ്ധാത്മാവിനാലും ശക്തിയാലും അഭിഷേകം ചെയ്തതും ദൈവം അവനോട് കൂടെ ഇരുന്നത് കൊ് അവൻ നന്മ ചെയ്തും പിശാചു ബാധിച്ചവരെ ഒക്കെയും സൗഖ്യമാക്കിയും കൊ് സഞ്ചരിച്ചു.
യേശുവിന്റെ മേൽ ആത്മാവ് ഇറങ്ങിയതും പിതാവായ ദൈവത്തിന്റെ അപ്പോഴുള്ള സാക്ഷ്യവും മൂന്ന് കാര്യങ്ങൾ നമ്മെ പഠിപ്പിക്കുന്നു.

1. യേശുവാണ് മശിഹാ എന്നത് യോഹന്നാന് അടയാളമായിരുന്നു.
2. കർത്താവിന്റെ പരസ്യ ശുശ്രൂഷയ്ക്കുള്ള ഒരുക്കമായിരുന്നു.
3. കഴിഞ്ഞ 30 വർഷത്തെ ജീവിതം കൊ് പിതാവിനെ പ്രസാദിപ്പിച്ചു എന്നതിന്റെ മുദ്രയായിരുന്നു. യേശുക്രിസ്തുവിന്റെ ശുശ്രൂഷകൾ നാം പഠിച്ചാൽ സുവിശേഷ വേലയ്ക്ക് എങ്ങനെ ഇറങ്ങണം.എങ്ങനെ ആയിരിക്കണം, എന്ന് നമ്മെ ബോധ്യപ്പെടുത്തുന്നു.ഒരു സുപ്രഭാതത്തിൽ ഭൂമിയിൽ അവതരിച്ച അമാനുഷിക ശക്തിയോട് വന്നതല്ല ക്രിസ്തു.

ആത്മാവിനാൽ ഉരുവായി.

ആത്മാവിനാൽ ശുശ്രൂഷയ്ക്ക് നിയോഗിക്കപ്പെട്ടു എന്നാൽ ഇതിനു രിനും മദ്ധ്യേ ഒരു കാലഘട്ട ജീവിതം ഉ്. നമ്മെ പോലെ ജീവിച്ചു കാണിച്ചു നമുക്ക് ഒരിക്കലും നിഷേധിപ്പാൻ കഴിയാത്തവിധം അവൻ മനുഷ്യനായി ജീവിച്ചു മാതൃകയായി തന്നു എന്നുള്ളത് സത്യം. എന്നാൽ ശുശ്രൂഷയ്ക്ക് നിയോഗിക്കപ്പെട്ടത് ആത്മാവിലാണ്, തിരു വചനത്തിലെ ഭക്തന്മാർ എല്ലാം ആത്മാവിനാൽ നിയോഗിക്കപ്പെട്ടവർ ആയിരുന്നു. ആരും പിതാക്കന്മാർ ശുശ്രൂഷ ചെയ്തതുകൊ് മക്കളും അത് ചെയ്യണമെന്ന മക്കത്തായ, മരുമക്കത്തായ സമ്പ്രദായം പിന്തുടരുന്നവർ അല്ല അങ്ങനെയുള്ള ശുശ്രൂഷകരുടെ മക്കൾ ചെയ്ത ശുശ്രൂഷകൾ എല്ലാം ദൈവത്തിന്റെ മുമ്പിലും മനുഷ്യരുടെ മുമ്പിലും അമ്പേ പരാജയമായിരുന്നു. ഏലി പുരോഹിതന്റെ മക്കൾ ശമുവേൽ പ്രവാചകന്റെ മക്കൾ തുടങ്ങി നിരവധി ഉദാഹരണങ്ങൾ നമുക്ക് മുമ്പിലു്.

പിതാക്കന്മാർ ദൈവാത്മാവിനാൽ നിയോഗിക്കപ്പെട്ട് ശുശ്രൂഷ നിറപടിയായി നിർവ്വഹിക്കപ്പെട്ടത് കൊ് അതേ ആത്മാവ് മക്കളിലും പകർന്നു അതേ ശുശ്രൂഷ ചെയ്യും എന്നു വാദിക്കുകയും ശാഠ്യം പിടിക്കുകയും അരുത്. പ്രമാണവും ഇല്ല. വചനത്തിൽ ദൈവസഭയുടെ ശുശ്രൂഷകരെ നിയോഗിക്കുന്നതും നിയമിക്കുന്നതും മനുഷ്യരല്ല ദൈവം ആത്മാവാണുള്ളത് വിസ്മരിച്ചു കൂടാ.

ശുശ്രൂഷ പാരമ്പര്യമായി മക്കളിലേക്കും, മരുമക്കളിലേക്കും പകർന്ന് കൊടുക്കുന്ന ഒരു നടപടി ക്രമമല്ല ദൈവസഭയ്ക്കുള്ളത്. ദൈവസഭയുടെ ശുശ്രൂഷ ആരുടെയും തറവാട്ടു സ്വത്തല്ല, പിതാവിനെ കൊ് ദൈവം ചെയ്തെടുത്ത ശുശ്രൂഷയുടെ മാഹാത്മ്യത്തിൽ ആ ശുശ്രൂഷ മക്കളിലൂടെ പകർന്ന് നൽകാനായി വിദേശത്തും വിവിധയിടങ്ങളിലും വിട്ട് വിഹലതയും വികടതരവും പഠിച്ചും പഠിപ്പിച്ചും ദൈവസഭയുടെ മേൽ കുതിര കയറുന്ന ഇന്നത്തെ സഭാ നേതാക്കളുടെ മക്കളെ കാണുമ്പോൾ ഏലി പുരോഹിതന്റെയും ശമുവേൽ പ്രവാചകന്റെയും മക്കളുടെ ആത്മാവ് വ്യാപരിച്ചിരിക്കുന്നു എന്ന് മന

തുടർച്ച 11 പേജിൽ

THE END TIME NEWS
VOICE OF HARVESTING SOULS MISSION



## 03-ാം പേജ് തുടർച്ച

സ്സിലാക്കേ തു്. ഈ വിധം തിരഞ്ഞെടു ക്കുന്നതല്ല ദൈവസഭയുടെ ശുശ്രൂഷ അതിന് ഉത്തമ മാതൃക യേശുകർത്താവ് തന്നെ. മുപ്പതാം തിരുവയസ്സിൽ അവൻ തന്റെ ശുശ്രൂഷ ആരംഭിച്ചു, മൂന്നര വർഷക്കാലം വിശ്വസ്തതയോടെ വിശുദ്ധി നഷ്ടമാകാതെ നിറപടിയായി ദൈവം ഏൽപ്പിച്ചത് തികച്ചു. നാം ശുശ്രൂഷ ജീവിതം കൊ് അർത്ഥമാക്കുന്നത്. ഒത്തിരിക്കാലം ഭൂമിയിൽ ശുശ്രൂഷ ചെയ്തു എന്നതല്ല, ചെയ്തതിൽ എത്ര വിശ്വസ്തതയും വിശുദ്ധി നഷ്ടമാകാതെ നിറപടിയായി ചെയ്തു െന്നുള്ളതാണ് പ്രസക്തി, ഒത്തിരി ചെയ്തു എന്ന് അവകാശപ്പെടുമ്പോൾ ഒരു പക്ഷേ ഭൂമിയിൽ ജാതികളും ദൈവത്തെ വ്യക്തമായി അറിയാത്തവരും ലോകവും നിന്നെ ആദരിച്ച്, ആനയിച്ച്, ആലിംഗനം ചെയ്ത്, അനുഗ്രഹാശിസുകളും നൽകി.

ആശിർവദിച്ച്, ആഘോഷിക്കുകയും ആയതിനു വേ ആടിത്തിമിർക്കുകയും ചെയ്യും. ഇന്നത്തെ സഭകളിൽ കുവരുന്ന ഒരു പ്രവണതയാണ്, ശുശ്രൂഷാകാലം നിശ്ചയിച്ച് ശുശ്രൂഷകനെ ആഢംബര വേദികളിൽ ആദരി്കുക, ഷഷ്ടിപൂർത്തി കൊാടുക, രജത ജീബിലി, സുവർണ്ണജൂബിലി ആഘോഷങ്ങൾ ഇത്യാദി അനാചാരങ്ങൾ എന്നാൽ ഇത്തരം ആഘോഷങ്ങൾക്കൊന്നും തിരുവചനത്തിൽ ഒരു പ്രമാണവും രേഖയുമില്ല.

തിരുവചനം അനുശാസിക്കാത്തത് ദൈവം അനുവദിക്കുന്നില്ല, അത് ദൈവം അംഗീകരിക്കുന്നതുമില്ല, ആഘോഷിക്കുന്നവർക്ക് അൽപ്പം ആനന്ദവും ആശ്വാസവും ലഭിക്കും......അവിടെയോ പോകില്ല ഇവിടെയെങ്കിലും കിട്ടിയല്ലോ എന്നോർത്ത്.....സംതൃപ്തിപ്പെടാം...

ഈ കാലഘട്ടത്തിലാണ് കർത്താവ് തന്റെ ശുശ്രൂഷ നിർവ്വഹിച്ചിരുന്നുവെങ്കിൽ ശുശ്രൂഷകരിൽ ഏറ്റവും താഴ്ന്ന പദവിയെ കർത്താവിനു ലഭിക്കുമായിരുന്നുള്ളു, കാരണം മൂന്നര വർഷത്തെ ശുശ്രൂഷ പരിചയം ഉായിരുന്നുള്ളൂ, ആയതിനാൽ ഓഡിനേഷൻ പോലും കിട്ടാൻ സാധ്യതയില്ല കൈവെപ്പ് ശുശ്രൂഷ കിട്ടിയാൽ ഭാഗ്യം. ഒരു ഭാഗം ചിന്തിച്ചാൽ കൈവെപ്പും, ഓർഡിനേഷനും വാങ്ങാതെ പോയത് നന്നായി എന്തെന്നാൽ പള്ളികരമടയ്ക്കാൻ പോലും കാശില്ലാത്ത കർത്താവിന് എവിടെ നിന്നാണ് പണം.

കരം അടയ്ക്കാൻ പത്രോസിനെ ആശ്രയിക്കേി വന്ന അനുഭവം നമുക്കറിയാം. പോയി മീൻ പിടിച്ച് കിട്ടുന്നതിൽ എനിക്കും കൂടി കരം അടയ്ക്കാൻ പറഞ്ഞ കർത്താവ് അങ്ങനെയുള്ള കർത്താവിനെ ഈ കാലഘട്ടത്തിൽ ഓർഡിനേഷനും, കൈവെപ്പ് വെറും സ്വപ്നങ്ങളിൽ മാത്രം, കാശുള്ളവനും , കയ്യൂക്കുള്ളവനും കാര്യസാധ്യത്തിനായി കാലു വാരുന്നവനും കസേര വലിക്കുന്നവനും കായികാഭ്യാസം കാണിക്കുന്നവനും കായബലം കാണിക്കുന്നവനും കാണിയ്ക്ക വയ്ക്കുന്നവനുമെല്ലാം ഓർഡിനേഷനും കൈവെയ്പ്പും കിട്ടുക എളുപ്പം.

ദൈവസഭ ദൈവത്തിന്റേതാണ് അതിലെ ഓരോ പ്രവർത്തനങ്ങളും ദൈവാത്മാവിന്റെ പൂർണ്ണ അനുവാദത്തോടും അംഗീകാരത്തോടും നടത്തപ്പെടേതാണ്. മനുഷ്യന്റെ സാന്നിധ്യത്തിന് അവിടെ പ്രസക്തിയില്ലമനുഷ്യർ അവിടെ മുഖാന്തിരങ്ങൾ മാത്രം, ഇപ്രകാരം രൂപപ്പെടുന്നതാണ് യഥാർത്ഥ ദൈവസഭ ഇന്നുള്ള സഭകൾ അങ്ങനെ തന്നെ ആമോ എന്ന് പലവട്ടം ചിന്തിക്കേ തില്ല. ആത്മീയ നേതൃത്വ സ്ഥാനങ്ങളിലേക്ക് ശുശ്രൂഷകരെ തിരഞ്ഞെടുത്തത് നിയമനം നടത്തിയത്, എപ്രകാരമാണെന്ന് തിരുവചനം മനസിരുത്തി പഠിച്ചാൽ നന്നേ മനസ്സിലാവും.

# ജീസസ് ഷൂസുമായി ഷൂ നിർമ്മാതാക്കൾ നിമിഷങ്ങൾക്കുള്ളിൽ വിറ്റു പോകുന്നു.



ന്യൂയോർക്ക്: ഒരു ഷൂ കമ്പനി ഇപ്പോൾ അവരുടെ സ്നിക്കറുകളിൽ ജോർദ്ദാൻ നദിയിൽ നിന്നുമുള്ള വിശുദ്ധ ജലം നിറച്ച ജീസസ് ഷൂസ് എന്ന പേരിൽ പുതിയ ജോഡി സ്നിക്കറുകൾ പുറത്തിറക്കി. ക്രിസ്തുവിന്റെ കാൽച്ചുവടുകൾ പിൻതുടരുന്നതിന്റെ അനുഭവം ഇത് ധരിക്കുന്നവർക്ക് ലഭിക്കും എന്നാണ് അവകാശപ്പെടുന്നത്. ബ്രൂക്ലിൻ ആസ്ഥാനമായുള്ള ,ഷൂസ് ഡിസൈൻ കമ്പനിയാണ് ഇവ നിർമ്മിക്കുന്നത്. ഒരു പുരോഹിതൻ അനുഗ്രഹിച്ച വിശുദ്ധ ജലത്തിനു പുറമേ യേശുവിനെ പ്രതീകപ്പെടുത്തുന്നതിന്റെ ഭാഗമായി ഒരു ചെറിയ കുരിശു രൂപം, സുഗന്ധദ്രവ്യ-സുഗന്ധമുള്ള കമ്പിളി ഇൻസോളുകൾ, ഒരു തുള്ളി രക്തം എന്നിവയും ഷൂസിൽ കാണാം. വളരെക്കാലം മുമ്പ് പോപ്പ് ധരിച്ചിരുന്ന ഷൂസുകളെ അനുകരിക്കുന്നതിനു വേ ചെരിപ്പിന്റെ അടിഭാഗം ചുവപ്പ് നിറത്തിൽ ചായ പൂശിയിട്ടു്. ചൊവ്വാഴ്ച പുറത്തിറങ്ങിയ ഷൂസ് ഉടൻ തന്നെ വിറ്റുപോയി.

# പുതിയ നിയമം ഇനി ബാഗ്ഡി ഭാഷയിലും




രാജസ്ഥാൻ: 18 ലക്ഷത്തിലധികം വരുന്ന ബാഗ്ഡി ഭാഷക്കാർക്ക് വേ വിക്ലിഫ് പരിഭാഷകരായ ജിജി മാത്യൂ, ബീന ദമ്പതികൾ സുദീർഘ വർഷങ്ങൾ ബാഗ്ഡി ജനതയോടൊപ്പം താമസിച്ച് ഭാഷാ പരിശീലനം നേടി പരിഭാഷ നിർവഹിച്ച ബാഗ്ഡി പുതിയ നിയമത്തിന്റെ സമർപ്പണ ശുശ്രൂഷ ഹനുമാൻഗഡിൽ വെച്ച് സെപ്റ്റംബർ 28 ന് വിക്ലിഫ് ഇന്ത്യാ ചെയർമാൻ തിമൊഥി ഡാനിയേൽ നിർവഹിച്ചു.വിക്ലിഫ് ഇന്ത്യാ സി ഇ ഒ ജോൺ മത്തായി കാതേട്ട്, മാത്യൂ എബനേസർ, സുനിൽ ബി മാത്യൂ തുടങ്ങിയവർ സംബന്ധിച്ചു. ജിജി മാത്യൂവും കുടുംബവും, അവരോടൊപ്പം ശുശ്രൂഷയിൽ സഹകരിച്ച മാതൃഭാഷാ പരിഭാഷകരും ബാഗ്ഡിയിൽ പ്രവർത്തിക്കുന്ന നിരവധി സഭാ ശുശ്രൂഷകരും, വിശ്വാസികളും ഈ ചടങ്ങിൽ സംബന്ധിച്ചു. ഹൃദയ ഭാഷയിൽ ആദ്യമായി പ്രിന്റു ചെയ്തു ലഭിച്ച പുതിയ നിയമം ബാഗ്ഡി വിശ്വാസികൾ ആവേശപൂർവ്വം ഏറ്റുവാങ്ങി. വിക്ലിഫ് ഇന്ത്യായുടെ നേതൃത്വത്തിൽ തർജ്ജമ പൂർത്തിയാക്കിയ മറ്റ് 7 ഭാഷകളിലും പുതിയ നിയമം ഉടൻ പുറത്തിറങ്ങും.



the END TIME NEWS
VOICE OF HARVESTING SOULS MISSION

USA
PO.box 125
Wheat land,6920.5.m manin st
Wheat land Oklahoma
box zip code-73097
PH-(405) 745-786(H)
Mob-001(405)778-4341(Wats App)

Reg no : TVM/TC/1717/2014
Established :USA
Published from : India, Kerala, TVM


# വെളിപ്പാട് പുസ്തകം മന:പാഠം പറഞ്ഞ് ജോയ്സ് ജോർജ്ജ് ശ്രദ്ധേയനാകുന്നു.



***ഷാർജ:*** വെളിപ്പാട് പുസ്തകം മന:പ്പാഠം പറഞ്ഞ ജോയ്സ് ജോർജ്ജ് പൂന്തുലയെ ആദരിച്ചു. ഷാർജയിലുള്ള ഐ പി സി ഏബനേസർ ഫുൾ ഗോസ്പൽ ചർച്ചിലെ പി വൈ പി എ സമ്മേളനത്തിലാണ് മന:പ്പാഠം പറഞ്ഞത്. സഭാശുശ്രൂഷകൻ പാസ്റ്റർ വിപിൻ മാത്യൂ പിവൈപിഎ യ്ക്കുവേി ക്യാഷ് അവാർഡ് നൽകി. ആദ്യമായി സങ്കീർത്തനം 119 മന:പ്പാഠം ചൊല്ലിയാണ് ഈ രംഗത്തേയ്ക്ക് കടന്നു വന്നത്. റോമാലേഖനം, എബ്രായേർ ലേഖനം എന്നിവ മന:പ്പാഠം പറഞ്ഞിട്ടു്. കൊരിന്ത്യ ലേഖനം മന:പ്പാഠം പറയുന്നതിന് വേയിട്ടുള്ള പഠനത്തിലാണിപ്പോൾ.

# കാമറൂണിൽ ഭീകരർ ക്രിസ്ത്യൻ യുവതികളെ തട്ടിക്കൊണ്ടുപോയി ചെവി അറുത്തു വിട്ടു



യാഗ്വ: വടക്കൻ കാമറൂണിലെ യാഗ്വയിൽ ക്രൈസ്തവ ഗ്രാമമായ ഗലാഗിരിയിൽ അതിക്രമിച്ച് കയറിയ തീവ്രവാദികൾ 8 ക്രൈസ്തവ വനിതകളെ പിടിച്ചു കൊുപോയി മണിക്കൂറോളം തടവിൽ പാർപ്പിച്ചശേഷം ഓരോ ചെവി അറുത്തു മാറ്റി വിട്ടയച്ചു. ക്രിസ്തീയ വിശ്വാസം പിൻതുടരുന്നതിന്റെ പേരിൽ ഭീഷണിയും മുന്നറിയിപ്പും നൽകിയ ശേഷമാണ് കാതറുത്തത്. ചോര ഒലിക്കുന്ന മുറിവുകളുമായി പ്രാണരക്ഷാർത്ഥം ഭീകര ക്യാമ്പിൽ നിന്നും രക്ഷപെട്ട ഇവർ ഭവനങ്ങളിലെത്തിച്ചേരുകയായിരുന്നു. ബന്ധുക്കൾ ഉടൻ തന്നെ ഇവരെ ആശുപത്രിയിലെത്തിച്ചു. രാത്രിയിൽ തന്നെ പോലീസിൽ വിവരം അറിയിച്ചെങ്കിലും പോലീസ് നിസ്സഹായരായിരുന്നു. സംഭവത്തിന് പിന്നിൽ ബൊക്കോ ഹറാം എന്ന സംഘടനയാണെന്ന് പോസീസ് പറഞ്ഞു. കഴിഞ്ഞ മാസം വിക്ലിഫ് അസോസിയേഷന്റെ ബൈബിൾ പരിഭാഷയിൽ ഏർപ്പെട്ടിരുന്ന സുവിശേഷകനെ തീവ്രവാദികൾ വെട്ടിക്കൊലപ്പെടുത്തുകയും അദ്ദേഹത്തിന്റെ ഭാര്യയുടെ കൈപ്പത്തികൾ അറുത്ത് മാറ്റുകയും ചെയ്തിരുന്നു. 2014 മുതൽ കാമറൂണിൽ 2000 ൽ അധികം ക്രൈസ്തവർ കൊല്ലപ്പെട്ടിട്ടു്.






printed,published and owned by harvestingsoulsmission,chief editor Baiju Yacob

Share on